6th November 2015 / Friday

12th day of 90 days

*വിശുദ്ധ യോഹന്നാൻ 3:15*

*'അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ പ്രാപിക്കേണ്ടതിന് തന്നെ'*

പിതാവായ ദൈവത്തിന്റെ ഏകജാതനായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന ഏതൊരാൾക്കും നിത്യജീവൻ ലഭിക്കുമെന്ന ഈ സത്യവചനത്തെ അടിസ്ഥാനമാക്കിയാണ് വിശുദ്ധ സഭയിലെ എല്ലാ കൂദാശകളുടെയും അടിസ്ഥാനം. ശിശുക്കളുടെ വിശുദ്ധ മാമോദീസാ സമയത്ത് ശിശുക്കൾക്കുവേണ്ടി തല തൊടുന്ന അപ്പനോ അമ്മയോ വിശ്വാസം ഏററു പറയുന്നു. ഓർത്തഡോക്സ് സഭയുടെ ആരാധനകളിലും പ്രാർത്ഥനകളിലും വിശ്വാസപ്രമാണത്തിന്റെ സാന്നിദ്ധ്യം നിർബന്ധമാണ്. വിശ്വാസപ്രമാണം ചൊല്ലി വിശ്വാസം ഏററു പറയാത്ത ഒരു യാമപ്രാർത്ഥനകളും സഭയിൽ ഇല്ല. ഈ വിശ്വാസപ്രമാണം ആവർത്തിച്ച് ചൊല്ലേണ്ടതിന്റെ ആവശ്യകതയുണ്ടോ? തീർച്ചയായും.. എല്ലാ യാമപ്രാർത്ഥനകളിലും മൂന്ന് മണിക്കൂർ ഇടവിട്ട്, എല്ലാ യാമപ്രാർത്ഥനകളിലും വിശ്വാസം ഏററു പറഞ്ഞ് ഉറപ്പിക്കണം. ഇല്ലെങ്കിൽ അവസരങ്ങൾ കാത്തിരിക്കുന്ന സാത്താൻ നമ്മുടെ കുറവുകളെ ചൂണ്ടികാണിച്ച് അവന്റെ അവകാശത്തിലേക്ക് നമ്മെ കൂട്ടിചേർക്കപ്പെടാൻ സാധ്യതകൾ ഉണ്ട്. നിത്യജീവൻ പ്രാപിക്കേണ്ടതിന് അടിസ്ഥാനമായി ചെയ്യേണ്ടതായ കാര്യമാണിത്, കർത്താവിൽ വിശ്വസിക്കുക. കാണപ്പെടുന്നതും കാണപ്പെടാത്തതുമായ എല്ലാ കാര്യത്തിലും നാം അവനിൽ വിശ്വസിക്കേണം. ദൈവത്തിന്റെ കല്പനയിൽ മാത്രം രസിക്കേണം, അനുസരിക്കേണം, സ്നേഹിക്കേണം, സഹിക്കേണം, സേവിക്കേണം, കരുതണം. സകലവും യേശുവിനായി സമർപ്പിച്ച് ഓരോ ദിവസത്തെ ജീവിതത്തെ അവനിൽ നിന്ന് തുടങ്ങി അവനിലൂടെ സഞ്ചരിച്ച് അവനിൽ തന്നെ അവസാനിപ്പിച്ചാൽ അന്നത്തെ നമ്മുടെ ജീവൻ നിത്യതയിലേക്ക് ഉയിർക്കപ്പെട്ട് ദൈവത്തെ സദാ സ്തുതിച്ചുകൊണ്ടിരിക്കുന്ന മാലാഖമാരുടെ കൂടെ ചേർന്ന് ദൈവത്തെ സ്തോത്രം ചെയ്യുന്നത് നമുക്ക് അനുഭവമാക്കുവാൻ സാധിക്കും. നമുക്ക് സത്യമായ ദൈവത്തിൽ തന്നെ വിശ്വസിച്ച് അവനിൽ തന്നെ ശരണം പ്രാപിക്കാം.